File No.FWLD-D1/354/2019-FWLD

# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2705 — 06.11.2019 ന് മറുപടിയ്ക്ക്

**വന അദാലത്തുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വനംവകുപ്പിനെ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടായിട്ടുള്ള പരാതികൾ ഫലപ്രദമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും വന അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | വനം വകുപ്പിൽ 10 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്) വന അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. മലപ്പുറം, കാസർഗോഡ്, എറണാകുളം ജില്ലകളിൽ വന അദാലത്ത് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ അദാലത്തിൽ പരിഹരിക്കേണ്ട എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവയും എറണാകുളം ജില്ലയിലെ അദാലത്തിൽ പരിഗണിക്കുന്നതാണ്. |
| (ബി) | ഏതെല്ലാം തരത്തിലുള്ള പരാതികളാണ് ഇപ്രകാരമുള്ള അദാലത്തുകളിൽ പരിഹരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പട്ടയസംബന്ധമായുള്ള പരാതികൾ ഒഴികെ വനം സംബന്ധമായുള്ള എല്ലാ പരാതികളും പരിഹരിക്കുന്നുണ്ട്. വന്യജീവി ആക്രമണം, കൃഷി നാശം മനുഷ്യ-വന്യജീവി സംഘർഷം, ആയതിനുള്ള നഷ്ടപരിഹാരം എന്നിവ സംബന്ധിച്ചുള്ള പരാതികളും അപകടകരമായ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതിക്കായുള്ളവയും പട്ടയഭൂമിയിലെ മരങ്ങൾ മുറിയ്ക്കുന്നതും വനമേഖലയിൽ താമസിക്കുന്ന ആദിവാസികൾ / ഇതര വിഭാഗക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളും പരിഹരിക്കുന്നുണ്ട്. |
| (സി) | വനം വകുപ്പിന് പുറമേ മറ്റ് ഏതെങ്കിലും വകുപ്പുകൾ അദാലത്തിൽ പങ്കെടുക്കുന്നുണ്ടോ; വിശദാംശം നൽകുമോ ? | (സി) | വനം വകുപ്പിന് പുറമേ റവന്യൂ, കൃഷി, മൃഗസംരക്ഷണം, തദ്ദേശ സ്വയംഭരണം, ട്രൈബൽ ഡെവലപ്പ്മെന്റ്, പോലീസ് മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വന അദാലത്തുകളിൽ പങ്കെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ